**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **21-01-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പുരോഗതിക്ക് പ്രവാസികളുടെ സംരംഭക ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. രാജൻ,<br>ശ്രീ . ജി .എസ് .ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ,<br>ശ്രീമതി സി. കെ. ആശ** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ദ്ധ്യവും കേരളത്തിന്റെ വ്യവസായ പുരോഗതിക്ക് അനുകൂലമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പ്രവാസികളുടെ സംരംഭക-തൊഴിൽ വൈദഗ്ദ്ധ്യം ഉപയോഗിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനോ മറ്റേതെങ്കിലും തരത്തിൽ ഇത്തരം സംരംഭങ്ങളുടെ ഭാഗമാകാനോ താത്പര്യമുള്ളവർക്ക് രജിസ്ട്രേഷൻ നടത്തുന്നതിലേക്കായി www.industry.kerala.gov.in എന്ന വെബ്സൈറ്റിൽ ഒരു ഓൺലൈൻ പ്രവാസി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന പ്രവാസികളെ പ്രത്യേക വിഭാഗത്തിലേക്ക് മാറ്റുകയും നിക്ഷേപ സബ്സിഡി ജനറൽ വിഭാഗത്തിനുള്ള 15 ശതമാനത്തിനു പുറമേ 10 ശതമാനം അധിക സബ്സിഡി, പരമാവധി 30 ലക്ഷം രൂപ വരെ പ്രവാസി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അനുവദിച്ചു വരുന്നുണ്ട്. നാട്ടിൽ തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താ ക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചിട്ടുമുണ്ട്. പ്രവാസികളായ മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററും ആരംഭി ച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് മൂലവും മറ്റ് കാരണങ്ങളാലും മടങ്ങിവന്ന തൊഴിലാളികളുടെ വ്യാവസായികമേഖലയിലെ പരിചയവും അനുഭവസമ്പത്തും നാടിന്റെ | (ബി) | ഉണ്ട്. 16/01/2021 വരെ 2798 പ്രവാസികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വികസനത്തിനുപയോഗിക്കുന്നതിനായി അവരുടെ വിവര ശേഖരണം നടത്തുന്നുണ്ടോ; | | |
| (സി) | സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് പ്രവാസി വിവരശേഖരണ പോർട്ടൽ മുഖേന പദ്ധതികൾ സമർപ്പിക്കാൻ സാധിക്കുമോ; | (സി) | ഓൺലൈൻ പ്രവാസി പോർട്ടൽ മുഖേന പ്രവാസികൾക്ക് പദ്ധതികൾ സമർപ്പി ക്കുന്നതിനുള്ള താല്പര്യം അറിയിക്കുവാൻ സംവിധാനമുണ്ട്. ഇപ്രകാരം 121 പ്രവാസികൾ സംസ്ഥാനത്ത് സംരംഭം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രവാസികളുടെ കൈവശം ഭൂമിയുണ്ടെങ്കിൽ അവ മറ്റ് സംരംഭകർക്ക് കൈമാറുന്നതിന് താല്പര്യമുള്ളപക്ഷം ആയതിന് പ്രസ്തുത പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ടോ; | (ഡി) | താത്പര്യം അറിയിക്കുന്നതിന് പോർട്ട ലിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ കണ്ടെത്തി നൽകുന്നതിന് ഈ പോർട്ടൽ മുഖേന സാധിക്കുമോയെന്ന് അറിയിക്കാമോ? | (ഇ) | ഓൺലൈൻ പ്രവാസി പോർട്ടൽ മുഖേന പ്രവാസികൾക്ക് താത്പര്യം രേഖപ്പെടു ത്തുന്നതിനനുസരിച്ച് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഉണ്ടാകുന്ന ഒഴിവുകൾ അവരെ അറിയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ